**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1635 — 14.07.2016-ൽ മറുപടി നൽകേണ്ടിയിരുന്നത്**

# സ്പോർട്സ് ലോട്ടറി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) 2006-2011-ലെ സർക്കാർ സംസ്ഥാനത്ത് സ്പോർട്സ് ലോട്ടറി നടത്തിയോ ; വ്യക്തമാക്കുമോ ; | (എ) നടത്തിയിട്ടുണ്ട്. കായികകേരളത്തിന്റെ വികസനത്തിനും കായികകേരളത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളുണ്ടാക്കുന്നതിനും, വിപുലപ്പെടുത്തുന്നതിനുമുള്ള ധനസമാഹരണത്തിനായിട്ടാണ് സംസ്ഥാന സർക്കാർ സ്പോർട്സ് സൂപ്പർ ബമ്പർ ലോട്ടറി നടത്തിയത്. |
| (ബി) ആകെ എത്ര രൂപയുടെ സ്പോർട്സ് ലോട്ടറിയാണ് വിറ്റഴിക്കപ്പെട്ടത് ; വിശദാംശം വെളിപ്പെടുത്തുമോ ;<br>(സി) പ്രസ്തുത ലോട്ടറി ടിക്കറ്റ് വിറ്റതുവഴി എത്ര രൂപ പിരിഞ്ഞുകിട്ടി ; ഇനി എത്ര രൂപ പിരിഞ്ഞു കിട്ടാനുണ്ട് എന്ന് വ്യക്തമാക്കാമോ ; | (ബി) & (സി) 100/- രൂപ മുഖവിലയുള്ള സ്പോർട്സ് ബമ്പർ ലോട്ടറിയുടെ 40 ലക്ഷം ടിക്കറ്റുകൾ അച്ചടിച്ചതിൽ 29,44,798 ടിക്കറ്റുകൾ വിൽക്കപ്പെടുകയും 10,55,202 ടിക്കറ്റുകൾ വിൽക്കപ്പെടാതെ അവശേഷിച്ചിട്ടുമുണ്ട്. ആകെ 29,44,79,800 രൂപയുടെ ടിക്കറ്റുകൾ വിറ്റഴിച്ചിട്ടുണ്ട്. സ്പോർട്സ് ബമ്പർ ലോട്ടറിയുടെ 29,44,798 ടിക്കറ്റുകൾ 20% ഡിസ്ക്കൗണ്ട് നിരക്കിൽ വിൽപ്പന നടത്തിയത് മുഖേന 23,55,83,840/- രൂപ പിരിഞ്ഞുകിട്ടി. ചെലവുകൾ കിഴിച്ച് 9,35,12,453/- രൂപയാണ് അറ്റാദായമായി ലഭിച്ചിട്ടുള്ളത്. സ്പോർട്സ് ബമ്പർ ലോട്ടറി വിറ്റതിൽ ലോട്ടറി വകുപ്പിന് തുകയൊന്നും പിരിഞ്ഞു കിട്ടാനില്ല. |
| (ഡി) പിരിഞ്ഞുകിട്ടാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോ ; | (ഡി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ടിക്കറ്റ് വാങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കിട്ടാനുള്ള ബാക്കി തുക 30.11.2006-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി)275/06/എൽ.എസ്.ജി.ഡി-യിൽ നിഷ്കർഷിക്കുന്ന റസലൂഷനിലെ 4-ാമത് വ്യവസ്ഥപ്രയോഗത്തിൽ വരുത്തി ഈടാക്കി കൗൺസിലിന് ലഭ്യമാക്കാൻ സർക്കാരിന് അധികാരമുണ്ട്. 30.11.2006-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിൽ അനുശാസിക്കുന്ന വ്യവസ്ഥകൾ നടപ്പാക്കി കുടിശ്ശിക്കാരിൽ നിന്ന് അവർക്ക് അർഹമായ സർക്കാർ ഗ്രാന്റിൽ നിന്നും തുക ഈടാക്കി കൗൺസിലിനു നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത ലോട്ടറി വഴി എത്ര രൂപ ലാഭം ഉണ്ടാക്കിയെന്നും ലാഭം എന്താവശ്യത്തിനായി ചെലവഴിച്ചെന്നും സ്പോർട്സ് വികസനത്തിനായി എന്തെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും ഓരോ ഇനങ്ങൾക്ക് എത്ര തുക ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ ? | (ഇ) | സ്പോർട്സ് ലോട്ടറി വഴി സമാഹരിച്ച തുകയിൽ കൗൺസിലിനു ലഭിച്ച തുകയിൽ നിന്നും സ്പോർട്സിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടിയാണ് ചെലവഴിച്ചത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.<br>കായിക രംഗത്ത് മികച്ച വിജയങ്ങൾ കരസ്ഥമാക്കിയ സെന്റ് ജോർജ്ജ് സ്കൂൾ കോതമംഗലത്തിനും, ജമ്പ്സ് അക്കാഡമി പാലയ്ക്കും പോൾ വാൾട്ട് മാട്രസ് നൽകിയിട്ടുണ്ട്.<br>കണ്ണൂർ സ്പോർട്സ് ഡിവിഷനിലെ ബാസ്ക്കറ്റ് ബോൾ കോർട്ടും, വോളീബോൾ കോർട്ടും നന്നാക്കുന്നതിനായി 19.5 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ ടി സ്കൂളിന് ഹൈജമ്പ് മാട്രസ്, ഹൈജമ്പ് സ്റ്റാന്റും മറ്റ് അത്യാവശ്യ കായിക ഉപകരണങ്ങളും നൽകിയിട്ടുണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള കേന്ദ്രീകൃത ഹോസ്റ്റലുകൾക്കും, കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾക്കും അസോസിയേഷനുകൾക്കുമായി 60,97,973/- രൂപയുടെ കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.<br>സംസ്ഥാന റൈഫിൾ അസോസിയേഷന്റെ പരിശീലനാവശ്യങ്ങൾക്കായി 40 ലക്ഷത്തോളം രൂപയുടെ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.<br>വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും. സ്പോർട്സ് ക്ലബ്ബുകൾക്കുമായി 2,56,775/- രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കളിസ്ഥല വികസനത്തിനും, നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 6,60,530/- രൂപയും നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിലെ കായിക വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി 3,52,55,954/- രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. |

Manoj M

**സെക്ഷൻ ഓഫീസർ**